(എ) ഹരിയാലി പദ്ധതി (നീർത്തട പദ്ധതി) പ്രകാരം എത്ര പ്രോജക്ടുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ആവശ്യപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് എന്ത് തുക ആവശ്യമായി വരും എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഹരിയാലി പദ്ധതി പ്രകാരം 21 പ്രോജക്ടുകൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) 8813.59 ലക്ഷം രൂപ ആവശ്യമായി വരും.

സംസ്ഥാനത്തെ മൾബറി കൃഷി

125 [307] *ശ്രീ. വർക്കല കഹാർ:*
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. സി. പി. മുഹമ്മദ്:
,, *എ. സുജനപാൽ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര ഹെക്ടർ സ്ഥലത്ത് മൾബറി കൃഷി നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് പട്ടുനൂൽ ഉൽപ്പാദനം എത്രയാണ് എന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പട്ടുനൂൽ കൊക്കൂണുകളും പട്ടുനൂലും വിപണനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2005 മാർച്ച് 31 വരെ 986 ഹെക്ടർ സ്ഥലത്ത് മൾബറി കൃഷി നടത്തിയിട്ടുണ്ട്.

(ബി) 2004-2005 വർഷത്തിൽ 4 മെട്രിക് ടൺ പട്ടുനൂൽ ഉല്പാദനം നടന്നിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കൊക്കൂൺ കർഷകരിൽ നിന്നും സെറികൾച്ചർ സംഭരിച്ച് റീലിംഗ് യൂണിറ്റുകളിൽ സംസ്കരിച്ച് പട്ടുനൂൽ ഉൽപ്പാദിപ്പിക്കുകയാണ് ചെയ്തുവരുന്നത്. ഇപ്രകാരം റീലിംഗ് യൂണിറ്റുകളിൽ സംസ്കരിച്ച്

GPM. 2/359/2012.—20

LIBRARY ARCHIVES Kerala Legislative Assembly

പട്ടുനൂൽ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി വരുന്നതിൽ അധികമുള്ള കൊക്കൂൺ ടെണ്ടർ വിളിച്ച് വിൽപ്പന നടത്തുന്നുണ്ട്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന അസംസ്കൃത പട്ടുനൂൽ ബാംഗ്ലൂർ ഗവൺമെന്റ് സിൽക്ക് എക്സ്ചേഞ്ച് വഴി വിറ്റഴിക്കുകയാണ് ചെയ്യുന്നത്.സംസ്ഥാനത്തിനുള്ളിൽ തന്നെ ടെണ്ടർ വിളിച്ച് പട്ടുനൂൽ വിൽക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ നബാർഡിന്റെ പ്രവൃത്തികൾ

126 [308] *ശ്രീ. എ. സി. മൊയ്തീൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നബാർഡിന്റെ എത്ര പ്രവർത്തികൾക്ക് 2005-ൽ അനുമതി ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ ഇപ്പോൾ നടക്കുന്ന നബാർഡ് പ്രവർത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2004-2005-ൽ തൃശ്ശൂർ ജില്ലയിൽ താഴെപറയുന്ന മൂന്ന് റോഡുപ്രവർത്തികൾക്ക് നബാർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(1) നമ്പ്യാൻ കാവ്-ആനന്ദപുരം റോഡ് (ഇരിങ്ങാലക്കുട ബ്ലോക്ക്) 55 ലക്ഷം രൂപ.

(2) മെതുക്ക-മായന്നൂർ റോഡ്-പഴയന്നൂർ 31.28 ലക്ഷം രൂപ.

(3) കരിയന്നൂർ-കാവിൽവട്ടം റോഡ് (വടക്കാഞ്ചേരി ബ്ലോക്ക്) 37.25 ലക്ഷം രൂപ.

(ബി) വിവിധ ബ്ലോക്കുകൾ ഏറ്റെടുത്ത ആർ. ഐ. ഡി. എഫ്. III-V-വരെയുള്ള പദ്ധതികളിൽ, ചേർപ്പ് ബ്ലോക്കിലെ ശാസ്താംകടവ്-മനക്കൊടി റോഡിന്റെ പണി ഒഴികെ മറ്റെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. RIDF VI-IX-വരെ അനുവദിച്ചിട്ടുള്ള 23 പ്രവൃത്തികളിൽ 4 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ പണി വിവിധ ഘട്ടങ്ങളിലായി നടക്കുന്നു. ആർ.ഐ.ഡി.എഫ്. X-ൽ അനുവദിച്ച മൂന്ന് പ്രവൃത്തികളും പ്രാരംഭ ദശയിലാണ്.

പട്ടുവസ്ത്രങ്ങളുടെ ഉല്പാദനം

127 [309] *പ്രൊഫ. എ. ഡി. മുസ്തഫ*:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

,, *ടി. യു. രാധാകൃഷ്ണൻ*:

,, *വി. ഡി. സതീശൻ*:

,, *പി. ടി. തോമസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly